(എ) പ്രൊബ്ലം വില്ലേജ് വാട്ടർ സപ്ലൈ സ്കീം അനുസരിച്ച് നെയ്യാറിൻകര വില്ലേജിന്റെ ഭാഗമായ പെരുമ്പഴുതൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പണി ഇപ്പോഴും നടക്കുന്നില്ല എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പണിക്ക് തടസ്സം നേരിടാൻ കാരണമെന്താണ്;

(സി) ഉടനടി പണി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോൺട്രാക്ടറുടെ അനാസ്ഥകാരണം ഒരു മാസമായി പ്രസ്തുത സ്കീമിന്റെ പണി നടക്കുന്നില്ല. പണി പുനരാരംഭിക്കണമെന്ന് കോൺട്രാക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

എറണാകുളം പി.എച്ച്. സർക്കിളിന് വാങ്ങിയ വാൽവുകൾ

439 [476] ശ്രീ: എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി, എറണാകുളം പി.എച്ച്. സർക്കിളിന് വേണ്ടി 1984 മാർച്ച് 30-ന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓർഡർ പ്രകാരം എത്ര രൂപായുടെ സ്ലൂയിസ് വാൽവ് വാങ്ങിയിട്ടുണ്ട്;

(ബി) ഈ വാൽവുകൾ ഏത് സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്;

(സി) കാലഹരണപ്പെട്ട സപ്ലൈ ഓർഡറിന്റെ അടിസ്ഥാനത്തിലാണ് വാൽവുകൾ വാങ്ങിയിട്ടുള്ളതെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 21,69,300 രൂപയുടെ സ്ലൂയിസ് വാൽവ് വാങ്ങിയിട്ടുണ്ട്.

(ബി) ഗീതാ മെറൽ വർക്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത്.

(സി) കാലഹരണപ്പെട്ട സപ്ലൈ ഓർഡറിന്റെ അടിസ്ഥാനത്തിലല്ല വാങ്ങിയിട്ടുള്ളത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly